ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 08.05.2025

പ്രധാന വാർത്തകൾ

TIME : 12.50 PM

1. ഓപ്പറേഷൻ സിന്ദൂറിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ വിളിച്ച സർവകക്ഷിയോഗം ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. സൈനിക നടപടിയ്ക്ക് പിന്തുണയറിയിച്ച് പ്രതിപക്ഷ പാർട്ടികൾ.
   **The all party meeting convened by the Government in the wake of Operation Sindoor is underway at Parliament. Leaders cutting across party lines have lauded Operation Sindoor and expressed pride at Armed Forces' action against terrorists**

2. അതിർത്തി മേഖലയിൽ സുരക്ഷ ശക്തമാക്കി ഇന്ത്യ. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ കൂടിക്കാഴ്ച നടത്തി.
   **National Security Advisor Ajit Doval today met Prime Minister Narendra Modi at his residence in New Delhi. The meeting came a day after India striked at terror sites in Pakistan and Pakistan occupied Jammu and Kashmir**

3. നിയന്ത്രണരേഖയിൽ പാക് ഷെല്ലാക്രമണത്തിൽ 13 മരണം. ശക്തമായി തിരിച്ചടിച്ച് ഇന്ത്യ. ജമ്മുകശ്മീരിലെ 10 ജില്ലകളിൽ കൺട്രോൾ റൂമുകൾ തുറന്നു.
   **Thirteen civilians have lost their lives in heavy cross-**

border shelling by the Pakistan in Jammu and Kashmir. Indian Army effectively responded. The administration in Jammu division has also set up 24×7 control rooms in all 10 districts of the region.

4. പാകിസ്ഥാനിൽ രണ്ട് വ്യത്യസ്ത ആക്രമണങ്ങളിൽ 14 പാക് സൈനികർ കൊല്ലപ്പെട്ടു. ആക്രമണത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്ത് ബലൂചിസ്ഥാൻ ലിബറേഷൻ ആർമി.

   At least 14 Pakistani army personnel were killed in two separate attacks in Balochistan. Balochistan Liberation Army took responsibility.

5. സംസ്ഥാനത്ത് എസ്എസ്എൽസി പരീക്ഷാ ഫലം നാളെ പ്രഖ്യാപിക്കും.

   SSLC results will be declared in Kerala tomorrow.

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് പഞ്ചാബ് കിംഗ്സിനെ നേരിടും.

   In IPL, Delhi Capitals will take on Punjab Kings today.

&&&&&&&&&&&&&&&&&&

## HEADLINE-1

## DAY. GOVT ALL PARTY MEETING

ഓപ്പറേഷൻ സിന്ദൂറിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ വിളിച്ച സർവകക്ഷിയോഗം ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. സൈനിക നടപടിയുടെ വിശദാംശങ്ങൾ സർക്കാർ, രാഷ്ട്രീയകക്ഷി നേതാക്കളുമായി പങ്കുവച്ചു. രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങ്, ആഭ്യന്തരമന്ത്രി അമിത് ഷാ, വിദേശകാര്യ മന്ത്രി എസ് ജയശങ്കർ, ആരോഗ്യമന്ത്രി ജെപി നഡ്ഡ, രാജ്യസഭാ പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖർഗേ, ലോക്സഭാ പ്രതിപക്ഷ

നേതാവ് രാഹുൽ ഗാന്ധി തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. രാംഗോപാൽ യാദവ്, സുദീപ് ബന്ദോപാധ്യായ, ടി ആർ ബാലു, ചിരാഗ് പാസ്വാൻ, സുപ്രിയ സുലേ തുടങ്ങിയ നേതാക്കളും വിവിധ രാഷ്ട്രീയ കക്ഷികളെ പ്രതിനിധീകരിച്ച് യോഗത്തിൽ പങ്കെടുക്കുന്നു. ഓപ്പറേഷൻ സിന്ദൂറിലൂടെ ഇന്ത്യൻ സൈന്യം നടത്തിയ വിജയകരമായ നീക്കത്തിന് പ്രതിപക്ഷ കക്ഷികൾ ഒന്നടങ്കം പിന്തുണ അറിയിച്ചിട്ടുണ്ട്.

*************************

## HEADLINE-2

## NSA-PM MEET

ഓപ്പറേഷൻ സിന്ദൂറിന്റെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. പ്രധാനമന്ത്രിയുടെ വസതിയിലായിരുന്നു കൂടിക്കാഴ്ച. സൈനിക നടപടി സംബന്ധിച്ച് മറ്റ് രാജ്യങ്ങളിലെ സുരക്ഷാ ഉപദേഷ്ടാക്കളുമായി ശ്രീ അജിത് ഡോവൽ ഇന്നലെ ആശയ വിനിമയം നടത്തിയിരുന്നു. നിലവിലെ സംഘർഷം കൂടുതൽ രൂക്ഷമാക്കണമെന്ന യാതൊരു ഉദ്ദേശവും ഇന്ത്യക്കില്ലെന്നും എന്നാൽ പാകിസ്ഥാൻ അതിന് ശ്രമിച്ചാൽ തിരിച്ചടിക്കാൻ ഇന്ത്യ സജ്ജമാണെന്നും അദ്ദേഹം വ്യക്തമാക്കി. പഹൽഗാം ഭീകരാക്രമണത്തിന് ശക്തമായ മറുപടി നൽകിക്കൊണ്ട് പാകിസ്ഥാനിലെയും, പാക് അധിനിവേശ കശ്മീരിലെയും 9 ഭീകര കേന്ദ്രങ്ങളിലാണ് ഓപ്പറേഷൻ സിന്ദൂറിലൂടെ ഇന്ത്യൻ സേന പ്രത്യാക്രമണം നടത്തിയത്. പാക് സൈനിക കേന്ദ്രങ്ങളെ ഒഴിവാക്കി ഭീകരരുടെ താവളങ്ങൾ മാത്രം ലക്ഷ്യം വച്ചുകൊണ്ടായിരുന്നു 25 മിനുട്ട് നീണ്ട് നിന്ന മിസൈൽ ആക്രമണം. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ തത്സമയ നിരീക്ഷണത്തിലാണ് ഓപ്പറേഷൻ സിന്ദൂർ നടന്നത്.

*************************

## HEADLINE-3
## LOC-FIRING

ജമ്മു കശ്മീരിലെ നിയന്ത്രണ രേഖയ്ക്ക് സമീപം പാകിസ്ഥാൻ സേന നടത്തുന്ന ഷെല്ലാക്രമണങ്ങൾക്ക് ശക്തമായ മറുപടി നൽകി ഇന്ത്യ. കുപ്വാര, ബാരാമുള്ള, ഉറി, അഖ്നൂർ മേഖലകളിലാണ് പാക്സേന പ്രകോപനമില്ലാതെ വെടിവയ്പ്പും ഷെല്ലിങ്ങും നടത്തിയത്. ഇന്നലെ പകൽ കനത്ത ഷെല്ലാക്രമണത്തിൽ 13 പേർക്ക് ജീവൻ നഷ്ടമായ പൂഞ്ച് മേഖലയിൽ രാത്രിയോടെ സ്ഥിതിഗതികൾ ശാന്തമായിട്ടുണ്ട്. 59 പേർക്കാണ് പാക് ഷെല്ലാക്രമണത്തിൽ പരിക്കേറ്റത്. പ്രദേശവാസികൾ ബങ്കറുകളിലേക്കും, സുരക്ഷിത ഇടങ്ങളിലേക്കും മാറി. ഇന്ത്യൻ സേനയുടെ പ്രത്യാക്രമണത്തിൽ ശത്രു പക്ഷത്തിന് സാരമായ നാശനഷ്ടങ്ങളും പരിക്കുമുണ്ടായെന്നാണ് ലഭിക്കുന്ന വിവരം. ജമ്മു, കത്വ, സാംബ, രജൗരി, പൂഞ്ച് എന്നീ അതിർത്തി ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്നും അവധി നൽകിയിരിക്കുകയാണ്. 10 ജില്ലകളിൽ ജമ്മു കശ്മീർ ഭരണകൂടം കൺട്രോൾ റൂമുകളും തുറന്നു.

*************************

## Lt Gen RAJEEV CHOPRA (INTRO)

ഭീകരവാദം പ്രോത്സാഹിപ്പിക്കുന്നതിന് പാകിസ്ഥാൻ നടത്തുന്ന പ്രവർത്തനങ്ങൾക്ക് ഇന്ത്യൻ സൈന്യം ഉചിതമായ മറുപടി നൽകുമെന്ന് ലഫ്റ്റനന്റ് ജനറൽ രാജീവ് ചോപ്ര. സൈന്യം പൂർണ്ണ സജ്ജമാണെന്നും അദ്ദേഹം ആകാശവാണിയോട് പറഞ്ഞു.

(ഹോൾഡ് വോയിസ്)

*************************

## HEADLINE-4

## PAKISTAN-BLAST

പാകിസ്ഥാനിലെ ബലൂചിസ്ഥാനിൽ നടന്ന രണ്ട് വ്യത്യസ്ത ആക്രമണങ്ങളിൽ 14 പാക് സൈനികർ കൊല്ലപ്പെട്ടു. ബോലൻ ജില്ലയിൽ സൈനിക വാഹന വ്യൂഹത്തിന് നേരേയുണ്ടായ ഐഇഡി ആക്രമണത്തിൽ രണ്ട് കമാൻഡർമാർ ഉൾപ്പെടെ 12 പാക് സൈനികരാണ് കൊല്ലപ്പെട്ടത്. കെച്ച് ജില്ലയിലും സമാനമായ ആക്രമണമാണുണ്ടായി. ബലൂചിസ്ഥാൻ ലിബറേഷൻ ആർമി ആക്രമണത്തിൻറെ ഉത്തരവാദിത്തം ഏറ്റെടുത്തു.

*************************

## FACT CHECK - PAKISTAN

അമൃതസറിലെ സൈനികത്താവളം ആക്രമിച്ച തരത്തിൽ പാകിസ്ഥാനിലെ സമൂഹമാധ്യമങ്ങൾ പ്രചരിപ്പിക്കുന്ന ദൃശ്യങ്ങൾ യഥാർത്ഥമല്ലെന്ന് കേന്ദ്ര സർക്കാർ. 2024-ലെ കാട്ടുതീയുടെ ദൃശ്യങ്ങളാണ് പ്രചരിക്കുന്നതെന്നും പ്രസ് ഇൻഫർമേഷൻ ബ്യൂറോ ഫാക്ട് ചെക്കിൽ അറിയിച്ചു. സ്ഥിരീകരണം ഇല്ലാത്ത തെറ്റായ ദൃശ്യങ്ങൾ പങ്കുവെക്കരുതെന്നും വസ്തുതകൾക്കായി ഔദ്യോഗിക വൃത്തങ്ങളെ ആശ്രയിക്കണമെന്നും കേന്ദ്ര സർക്കാർ നിർദേശം നൽകി.

*************************

## FACT CHECK INDIAN DRONE

പാകിസ്ഥാനിലെ ഗുജ്റൻവാലയിൽ ഇന്ത്യൻ ഡ്രോണുകൾ പിടികൂടിയതായി പാക് സമൂഹമാധ്യമങ്ങൾ പ്രചരിപ്പിക്കുന്ന ചിത്രങ്ങളും വ്യാജമാണെന്ന് പി.ഐ.ബി ഫാക്ട് ചെക്ക് വിഭാഗം വ്യക്തമാക്കി. 2022-ലെ യുക്രൈൻ - റഷ്യ സംഘർഷത്തിലെ ചിത്രങ്ങളാണ് ഇത്തരത്തിൽ പ്രചരിക്കുന്നത്.

**************************

## HEADLINE-5
## SSLC RESULT

സംസ്ഥാനത്ത് എസ്എസ്എൽസി പരീക്ഷാ ഫലം നാളെ പ്രഖ്യാപിക്കും. നാല് ലക്ഷത്തി 27,021 വിദ്യാർഥികളാണ് ഇത്തവണ എസ്എസ്എൽസി പരീക്ഷയെഴുതിയത്. 72 കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പുകളിലാണ് ഇക്കുറി മൂല്യനിർണയം നടന്നത്.

**************************

## CM-MEETING

സംസ്ഥാന സർക്കാറിന്റെ വാർഷികാഘോഷത്തിന്റെ ഭാഗമായി പാലക്കാട്, തൃശൂർ, മലപ്പുറം ജില്ലകളുടെ മേഖലാതല യോഗം മലമ്പുഴയിൽ മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. ജില്ലകളിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭരണപരമോ സാങ്കേതികമോ ആയ തടസങ്ങൾ നേരിടുന്നവയ്ക്ക് പരിഹാരം കാണുകയുമാണ് യോഗത്തിൻറെ ലക്ഷ്യം.

**************************

## KANNUR - HAJJ (INTRO)

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്നുള്ള ഇത്തവണത്തെ ഹജ്ജ് യാത്ര ഞായറാഴ്ച ആരംഭിക്കും. ഹജ്ജ് ക്യാമ്പുകളുടെ സംസ്ഥാന തല ഉദ്ഘാടനവും പുതുതായി നിർമ്മിക്കുന്ന ഹജ്ജ് ഹൗസിന്റെ തറക്കല്ലിടലും മുഖ്യമന്ത്രി പിണറായി വിജയൻ നാളെ നിർവ്വഹിക്കും.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ...**

(വോയിസ്)

*************************

## UTTARKASHI-HELICOPTER CRASH

ഉത്തരാഖണ്ഡിൽ ഹെലികോപ്റ്റർ അപകടത്തിൽ 6 തീർത്ഥാടകർ മരിച്ചു. ഒരാൾക്ക് ഗുരുതരമായി പരിക്കേറ്റിട്ടുണ്ട്. ഉത്തരകാശി ജില്ലയിലെ ഗംഗ്നാനിയിലാണ് ഹെലികോപ്റ്റർ തകർന്ന് വീണത്. രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. അപകടകാരണം അറിയുന്നതിന് ഉത്തരാഖണ്ഡ് സർക്കാർ അന്വേഷണം പ്രഖ്യാപിച്ചു.

*************************

## REV. IRAN FM VISIT

ഇറാൻ വിദേശകാര്യ മന്ത്രി അബ്ബാസ് അരാഗ്ചി രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തി. ന്യൂഡൽഹിയിൽ നടക്കുന്ന ഇന്ത്യ-ഇറാൻ ജോയിന്റ് കമ്മീഷൻ യോഗത്തിൽ അദ്ദേഹം പങ്കെടുക്കും. ഇരു രാജ്യങ്ങൾക്കുമിടയിൽ സൗഹൃദ ഉടമ്പടി ഒപ്പുവച്ചതിന്റെ 75-ാം വാർഷികത്തിൽ, ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ടാണ് സന്ദർശനം.

*************************

## JAISHANKAR-SAUDI MINISTER

വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ സൗദി അറേബ്യ വിദേശകാര്യ മന്ത്രി അദിൽ അൽ ജുബൈറുമായി ന്യൂഡൽഹിയിൽ ഇന്ന് കൂടിക്കാഴ്ച നടത്തി. ഭീകരവാദത്തെ പ്രതിരോധിക്കുന്നതിൽ ഇന്ത്യ സ്വീകരിക്കുന്ന നിലപാട് കൂടിക്കാഴ്ചയിൽ പങ്കുവെച്ചതായി ശ്രീ ജയ്ശങ്കർ സമൂഹമാധ്യമത്തിൽ കുറിച്ചു.

*************************

## SRINAGAR NATIONAL HIGHWAY CLOSED

കനത്ത മഴയെ തുടർന്നുണ്ടായ മണ്ണിടിച്ചിൽ ജമ്മു - ശ്രീനഗർ ദേശീയ പാത താത്കാലികമായി അടച്ചു. റാംബാൻ ജില്ലയിലാണ് മണ്ണിടിച്ചിലുണ്ടായത്. റോഡിൽ നിന്നും മണ്ണ് നീക്കം ചെയ്യാനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

*************************

## PAPAEL CONCLAVE

പുതിയ മാർപ്പാപ്പയെ തിരഞ്ഞെടുക്കുന്നതിനായി വത്തിക്കാനിൽ ഇന്നലെ നടന്ന ആദ്യഘട്ട വോട്ടെടുപ്പ് തീരുമാനമാകാതെ പിരിഞ്ഞു. 133 കർദിനാൾമാർ പങ്കെടുക്കുന്ന വോട്ടെടുപ്പ് സിസ്റ്റൈൻ ചാപ്പലിൽ ഇന്നും തുടരും. സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ നടന്ന വിശുദ്ധ കുർബാനയർപ്പണത്തിനു ശേഷമായിരുന്നു കർദിനാൾമാർ ഇന്നലെ തെരഞ്ഞെടുപ്പിനായി ഒത്തുകൂടിയത്. പുതിയ മാർപ്പാപ്പയെ തിരഞ്ഞെടുക്കുന്നതോടെ ചാപ്പലിൽ നിന്നും വെളുത്ത പുക ഉയരും.

*************************

### HEADLINE-6

## IPL-CRICKET

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് പഞ്ചാബ് കിംഗ്സിനെ നേരിടും. രാത്രി 7.30 ന് ധരംശാലയിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ചെന്നൈ സൂപ്പർ കിംഗ്സ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ രണ്ട് വിക്കറ്റിന് പരാജയപ്പെടുത്തി.

*************************

## WOMENS CRICKET

ത്രിരാഷ്ട്ര വനിതാ ഏകദിന ക്രിക്കറ്റ് ടൂർണമെന്റിൽ ഇന്ത്യ ഫൈനലിൽ. ദക്ഷിണാഫ്രിക്കയെ 23 റണ്ണിന് പരാജയപ്പെടുത്തിയാണ് ഫൈനൽ പ്രവേശം. ഞായറാഴ്ച നടക്കുന്ന ഫൈനലിൽ ശ്രീലങ്കയാണ് ഇന്ത്യയുടെ എതിരാളി.. *************************

## SENSEX - GOLD

രാജ്യത്തെ ഓഹരി വിപണികളിൽ ചാഞ്ചാട്ടം. ദേശീയ ഓഹരി സൂചിക സെൻസെക്സ് 45 പോയിൻറ് നേട്ടത്തിൽ 80,792 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 14 പോയിൻറ് നഷ്ടത്തിൽ 24,399 ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണ വില ഉയർന്നു. പവന് 440 രൂപ ഉയർന്ന് 73,040 രൂപയും ഗ്രാമിന് 55 രൂപ ഉയർന്ന് 9,130 രൂപയുമാണ് ഇന്നത്തെ വില.

*

****************

*********************************